ഗവ. യു.പി.എസ് ഓടമ്പള്ളി
Govt. UPS Odampally

# അക്കാദമിക
# മാസ്റ്റർപ്ലാൻ
# 2025 - 26

# സ്കൂളിന്റെ ചരിത്രം

1900 കാലഘട്ടം . തിരുവിതാംകൂർ രാജാവ് അരൂക്കുറ്റി ചൗക്കയിൽ പിരിക്കുന്ന ചുങ്കം കണക്ക് പരിശോധിക്കുവാൻ വരുന്നത് വലിയ ഓടങ്ങളിലാണ്. അഞ്ചുതുരുത്ത് താരതമ്യേന ഉയർന്ന പ്രദേശമാകയാലും ഓടം വളരെ വലുതായിരുന്നതിനാലും അനേകം ആളുകൾ തള്ളിയാണ് കരയ്ക്ക് അടുപ്പിച്ചിരുന്നത്. ഈ വരവിന്റെ കൂടെ രാജാവ് നാല്പത്തെണ്ണീശ്വരം ക്ഷേത്ര ദർശനത്തിനായി രണ്ടു മൂന്നു ദിവസം ക്ഷേത്ര മാളികയിൽ താമസവും കഴിഞ്ഞാണ് മടങ്ങിയിരുന്നത്.

രാജാവിന്റെ ഓടം നയിച്ചിരുന്നത് നാവിക തലവനായിരുന്ന ചെമ്പിൽ അരയനായിരുന്നു. രാജാവിനെ അനുഗമിക്കുന്നവർക്കും സമൂഹത്തിലെ ഉന്നതസ്ഥാനീയർക്കും വേണ്ടി ക്ഷേത്രത്തിനു തൊട്ടടുത്ത പുരയിടത്തിൽ ഒരു സ്കൂൾ പ്രവർത്തനം തുടങ്ങിയിരുന്നു. എന്നാൽ ചെമ്പിലരയന്റെ അനുയായികൾക്ക് ഈ പള്ളിക്കൂടത്തിൽ പ്രവേശനം നിഷേധിച്ചിരുന്നു. ഇത് ചെമ്പിലരയനെ വളരെയധികം വിഷമിപ്പിക്കുകയും അദ്ദേഹം തന്റെ സങ്കടം രാജാവിനെ ബോധ്യപ്പെടുത്തുകയും ചെയ്തു.

ചെമ്പിലരയന്റെ സങ്കടം ബോധ്യമായ രാജാവ് അവർക്കു കൂടി വിദ്യാഭ്യാസം ലഭ്യമാക്കണമെന്നുറപ്പിച്ച് ഒരു വിദ്യാലയം പണികഴിപ്പിക്കുന്നതിന് തീരുമാനിക്കുകയും , നായർ പ്രമാണിമാരും ഭൂവുടമകളുമായിരുന്ന പൈനോർ തറവാടു കാരണവർക്ക് കരം ഒഴിവായി കൊടുത്തിരുന്ന ഭൂമിയിൽ നിന്ന് കുറേ ഭാഗം ഒഴിവാക്കി പള്ളിക്കൂടം കെട്ടുന്നതിന് കൊടുക്കുകയും ചെയ്തു. 1903-ൽ പണികഴിപ്പിച്ച ⊔ ആകൃതിയിൽ റോഡിന് അഭിമുഖമായി സ്ഥിതിചെയ്തിരുന്ന ഈ കെട്ടിടത്തിൽ 1 മുതൽ 5 വരെ ക്ലാസ്സുകളിൽ 5, 6 ഡിവിഷനുകൾ ഉണ്ടായിരുന്നു. സ്കൂളിനായി പൈനോർ കാരണവരിൽ നിന്നും 10 സെന്റും ക്ഷേത്രം വക ഭൂമിയിൽ നിന്നും 50 സെന്റും ലഭ്യമായിട്ടുണ്ട്. ഈ സ്കൂളാണ് പിന്നീട് ഓടമ്പള്ളി സ്കൂളായി മാറിയത്.

1962 വരെ എൽ. പി. സ്കൂളായി തുടർന്ന വിദ്യാലയം 1963-ൽ യു. പി. സ്കൂളായി. ഈ വിദ്യാലയത്തിൽ പഠിച്ചിരുന്ന വിദ്യാർത്ഥികളിൽ പലരും പ്രശസ്തനിലയിൽ ഗവൺമെന്റ് ഉദ്യോഗം ചെയ്തു വിരമിച്ചവരാണ്. ഇക്കൂട്ടത്തിൽ കവികളും കലാകാരന്മാരും ഉൾപ്പെടുന്നു. ഇപ്പോൾ ഡോക്ടർമാരായും ടീച്ചർമാരായും യൂണിവേഴ്സിറ്റി ജീവനക്കാരായും മറ്റും ധാരാളം ആളുകൾ ജോലിചെയ്യുന്നു. അടുത്ത കാലത്ത് പഠിച്ചിറങ്ങിയ കുട്ടികളൊക്കെ എഞ്ചിനീയറിംഗ് കോളേജ്, മെഡിക്കൽ കോളേജ് മറ്റു പ്രൊഫഷണൽ കോളേജ് എന്നിവിടങ്ങളിലൊക്കെ പഠിച്ചുകൊണ്ടിരിക്കുന്നു. 10 വർഷത്തിനുള്ളിൽ ഈ സ്കൂളിൽ നിന്നും പുറത്തുപോയ കുട്ടികളെല്ലാം തന്നെ സമീപ സ്കൂളിലെ കുട്ടികളെക്കാൾ മികച്ച നിലവാരത്തിലുള്ളവരാണെന്ന് അവർ ചെന്ന ഹൈസ്കൂളുകളിലെ അദ്ധ്യാപകർ തരുന്ന സർട്ടിഫിക്കറ്റുകളാണ്. പാഠ്യ-പാഠ്യേതര രംഗങ്ങളിൽ മികച്ച നിലവാരം പുലർത്തുന്നവരാണ് ഈ സ്കൂളിലെ കുട്ടികൾ

## മേഖല : അക്കാദമികം

**ഉപമേഖല - വായന**

ഒരു ക്ലാസ്സിലെ മുഴുവൻ കുട്ടികൾക്കും ഇരുന്നു വായിക്കുവാൻ സൗകര്യമുള്ളതും ഫാൻ, ലൈറ്റുകൾ എന്നിവയുമുള്ള കമനീയ റീഡിംഗ് റൂം. പുസ്തകങ്ങൾ ഭംഗിയായി ഡിസ്പ്ലേ ചെയ്യുന്നതിനുള്ള സംവിധാനം. ക്ലാസ്സ് ടിച്ചറിന്റെ മേൽനോട്ടത്തിൽ വെള്ളിയാഴ്ചകളിൽ ലൈബ്രറി പുസ്തക വിതരണം.

മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിലും 100% സാക്ഷരത.

ഓരോ ക്ലാസ്സിലും ലൈബ്രറി രജിസ്റ്റർ

വായനയിൽ പിന്നോക്കം നിൽക്കുന്നവർക്ക് അധിക വായനാസാമഗ്രികൾ.

വായനയെ പരിപോഷിപ്പിക്കുന്നതിനുവേണ്ടി സമീപ ലൈബ്രറികളിൽ (തൈക്കാട്ടുശ്ശേരി ബ്ലോക്ക് ലൈബ്രറി, ഓടമ്പള്ളി പബ്ലിക് ലൈബ്രറി) സന്ദർശനവും അംഗത്വം എടുക്കലും.

ക്ലാസ്സ്തല പ്രവർത്തനങ്ങളും സ്ക്കൂൾതല പ്രവർത്തനങ്ങളും റെക്കോഡ് ചെയ്തു സൂക്ഷിക്കുന്നതിനുള്ള ഡിജിറ്റൽ ലൈബ്രറി.

വായനക്കുറിപ്പുകൾ, പത്രവാർത്തകൾ, ദിനാചരണങ്ങളുടെ പ്രാധാന്യം, പുസ്തകപരിചയം, കവിപരിചയം എന്നിവ അസംബ്ലിയിൽ വായിക്കാനുള്ള സൗകര്യം.

സ്ക്കൂളിൽ എല്ലാ പത്രങ്ങളും ബാലമാസികകളും ലഭ്യമാക്കുന്നു.

ഇടവേള സമയങ്ങളിൽ ക്ലാസ്സിൽ ലൈബ്രറി പുസ്തക വായന, പത്രവായന.

പത്രങ്ങളിലെയും ആനുകാലിക പ്രസിദ്ധീകരണങ്ങളിലെയും വാർത്തകളെ അടിസ്ഥാനപ്പെടുത്തി ക്വിസ് മത്സരങ്ങൾ.

അമ്മവായന-അസംബ്ലിയിലും വൈകുന്നേരങ്ങളിലും അമ്മമാർക്ക് കുട്ടികളോടൊപ്പമിരുന്ന് വായിക്കുവാനുള്ള സൗകര്യം ഒരുക്കൽ.

വായനയിൽ മികച്ച കുട്ടികൾക്ക് അസംബ്ലിയിൽ സമ്മാനം.

വായനയിൽ മികവു പുലർത്തുന്ന രക്ഷിതാക്കളെ പൊതുവേദിയിൽ ആദരിക്കുന്നു.

ക്ലാസ്സ്തലത്തിലും സ്ക്കൂൾതലത്തിലും വായനാമത്സരം സംഘടിപ്പിക്കൽ.

വായനാസാമഗ്രികൾ പരസ്പരം കൈമാറിയുള്ള വായന.

ത്രിതലപഞ്ചായത്തുകൾ, എം. പി., എം. എൽ. എ., ഗവൺമെന്റ് ഫണ്ടുകൾ, സ്പോൺസർഷിപ്പുകൾ എന്നിവ ഇതിനായി ലഭ്യമാക്കാൻ ശ്രമിക്കും.

വായനയിൽ പിന്നോക്കം നിൽക്കുന്നവരെ മുന്നോക്കമെത്തിക്കുന്നതിനുള്ള ഗ്രൂപ്പുപ്രവർത്തനങ്ങൾ.

പ്രതീക്ഷിത തുക - 15,000,00

## ഉപമേഖല - ലേഖനം

സ്ക്കൂളിലെ മുഴുവൻ കുട്ടികൾക്കും മൂന്നു ഭാഷകളിലും (മലയാളം, ഇംഗ്ലീഷ്, ഹിന്ദി) അക്ഷരത്തെറ്റില്ലാതെ ഭംഗിയായി എഴുതുന്നതിനുള്ള കഴിവ് ആർജ്ജിക്കൽ.

കുട്ടികളുടേതായ രചനകൾ, പതിപ്പുകൾ എന്നിവ മികച്ച നിലവാരത്തിലെത്തിക്കൽ.

സർഗ്ഗാത്മക ശേഷിയെ പരിപോഷിപ്പിക്കൽ

കയ്യക്ഷരം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള പരിശീലനം (കോപ്പി റൈറ്റിംഗ്, കഴ്സീവ് റൈറ്റിംഗ്)

കുട്ടികളുടെ (ചേർത്തെഴുതാം, കൂട്ടുകൂടാം) പദചങ്ങല, അക്ഷരപ്പോക്കറ്റുകൾ, അടിക്കുറിപ്പ് തയ്യാറാക്കൽ, കഥ പൂർത്തിയാക്കാം, വിവരണം, അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുന്നു.

ലേഖനങ്ങളിൽ പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തി അധിക പ്രവർത്തനങ്ങൾ നൽകൽ.

കയ്യെഴുത്ത് മത്സരം, മികച്ച എഴുത്തിന് പുരസ്ക്കാരം

പ്രതീക്ഷിത തുക - 10,000,00

## ഉപമേഖല - ഗവേഷണ പ്രവർത്തനങ്ങൾ

കുട്ടികളുടെ സ്വതന്ത്രരചനകൾ ഉൾപ്പെടുത്തിയുള്ള പതിപ്പുകൾ.

കുട്ടിശാസ്ത്രജ്ഞന്മാരെ കണ്ടെത്തൽ

പരീക്ഷണങ്ങൾക്കായി ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ലബോറട്ടറികൾ.

പ്രതീക്ഷിത തുക - 10,000,00

## ഉപമേഖല - ആശയവിനിമയശേഷി വികാസം

വിവിധഭാഷകളിൽ നടത്തുന്ന സ്ക്കൂൾ അസംബ്ലി. മലയാളം, ഇംഗ്ലീഷ്, ഹിന്ദി തീമാറ്റിക് അസംബ്ലികൾ.

ഭാഷാക്ലബ്ബുകളുടെ രൂപീകരണം

ഭാഷാലാബുകൾ

പൊതുവേദിയിൽ ആശയങ്ങൾ സഭാകമ്പമില്ലാതെ വിനിമയംചെയ്യാനുള്ള ശേഷി ആർജ്ജിക്കൽ.

എല്ലാ ഭാഷകളിലും പ്രാവീണ്യം നേടുന്നതിനായി അദ്ധ്യാപകർക്ക് ഓറിയന്റേഷൻ ക്ലാസ്സുകൾ.

സെമിനാറുകൾ, സംവാദങ്ങൾ, ചർച്ചകൾ, വിദഗ്ധരുമായുള്ള അഭിമുഖം എന്നിവ മാസത്തിലൊരിക്കൽ സംഘടിപ്പിക്കൽ.

ബ്ലാക്കാർഡ് നിർമ്മാണം, മുദ്രാഗീതങ്ങൾ, പോസ്റ്ററുകൾ, കഥാകഥനം, സ്വതന്ത്രരചന എന്നിവയിലുള്ള പ്രാവിണ്യം നേടൽ.

പ്രതീക്ഷിത തുക - 15,000,00

## ഉപമേഖല - വ്യക്തിവികാസം

വ്യക്തിശുചിത്വം, പരിസരശുചിത്വം എന്നിവയെക്കുറിച്ചുള്ള അവബോധം

ആരോഗ്യപരിപാലനത്തെക്കുറിച്ചുള്ള ധാരണ ഉണ്ടാക്കൽ.

പൊതുസമൂഹത്തിൽ ആരോഗ്യകരമായ ഇടപെടൽ.

മദ്യത്തിനും മയക്കുമരുന്നിനും എതിരെയുള്ള ബോധവൽക്കരണ ക്ലാസ്സുകൾ.

ആരോഗ്യകരമായ ഭക്ഷണശീലങ്ങൾ.

അശരണരോടും അവശരോടുമുള്ള പരിഗണന.

ഉത്തമ പൗരന്മാരാകുന്നതിനുള്ള തയ്യാറെടുപ്പുകൾ.

പ്ലാസ്റ്റിക്കിന്റെ ദോഷഫലങ്ങളെക്കുറിച്ചുള്ള അവബോധം

ജൈവവൈവിധ്യത്തേയും പരിപാലനത്തേയും കുറിച്ചുള്ള ബോധവർക്കരണം.

കുട്ടികളുടേയും രക്ഷിതാക്കളുടേയും സർവ്വതോന്മുഖ വികാസത്തിനാവശ്യമായ ക്ലാസ്സുകൾ, സെമിനാറുകൾ, ഫെസ്റ്റുകൾ എന്നിവ സംഘടിപ്പിക്കൽ.

പ്രൈമറിതലം മുതൽ കുട്ടികളെ മത്സരപ്പരീക്ഷകൾക്ക് തയ്യാറാക്കൽ.

കുട്ടികൾ സംഘാടകരാകുന്ന സമ്മേളനങ്ങൾ സംഘടിപ്പിക്കൽ.

പ്രതീക്ഷിത തുക - 5,00,000

## ഉപമേഖല - കാലാ-കായികവിദ്യാഭ്യാസം

ശാസ്ത്ര-സാമൂഹ്യശാസ്ത്ര-ഗണിതശാസ്ത്ര പ്രവൃത്തി പരിചയം തുടങ്ങിയവയുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ.

ഡാൻസ്, യോഗ, കരാട്ടെ, ചിത്രരചന എന്നിവയിൽ പരിശീലനം.

ആരോഗ്യശീലങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകൾ.

അത്‌ലറ്റിക്സ്, ഗെയിംസ് എന്നിവയിൽ പരിശീലനം.

പ്രതീക്ഷിത തുക - 8,00,000

## ഉപമേഖല - കുട്ടികളുടെ പഠനനിലവാരം

യൂണിറ്റ് ടെസ്റ്റുകൾ, വർക്ക്ഷീറ്റുകൾ, സി. ഇ. എന്നിവയിലൂടെ വിലയിരുത്തൽ.

സി. പി. ടി. എ. കളിൽ വിലയിരുത്തലുകൾ, കുട്ടികളുടെ ഉൽപ്പന്നങ്ങളുടെ പ്രദർശന ങ്ങൾ.

രക്ഷിതാക്കളുമായുള്ള നിരന്തര സമ്പർക്കം.

പിന്നോക്കം നിൽക്കുന്നവർക്ക് പരിഹാരബോധന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കൽ.

പഠനനിലവാരം എല്ലാ ആഴ്ചയിലും എസ്സ്. ആർ. ജി. യിൽ ചർച്ച ചെയ്യൽ.

പ്രതീക്ഷിത തുക - 2,00,000

**<u>ഉപമേഖല - പരിഹാരബോധനം</u>**

പിന്നോക്കം നിൽക്കുന്നവരെ മുന്നോക്കമെത്തിക്കുന്നതിനായി അധിക പ്രവർത്തന ങ്ങൾ.

പഠനനിലവാരത്തിനുള്ള വ്യത്യാസം കണ്ടെത്തുന്നതിനുള്ള പ്രതിമാസ ടെസ്റ്റുകൾ.

പഠനവൈകല്യമുള്ള കുട്ടികൾക്കായി പ്രത്യേക പരിശീലനങ്ങളും പഠനസാമഗ്രികളും നൽകൽ.

പഠനവൈകല്യമുള്ള കുട്ടികളെ മറ്റുകുട്ടികൾക്കൊപ്പം പഠനപ്രവർത്തനങ്ങളിൽ എർപ്പെടുത്തുന്നതിനുള്ള അവസരം ഒരുക്കൽ.

പ്രതീക്ഷിത തുക - 10,00,000

## മേഖല : ഭൗതികം

**<u>ഉപമേഖല - കെട്ടിടനിർമ്മാണം</u>**

സ്ക്കൂളിലെ പ്രധാന കെട്ടിടങ്ങൾ, ഓഫീസ്റൂം ഉൾപ്പെടുന്ന പ്രധാനകെട്ടിടം, ഹാൾ ഉൾപ്പെടുന്നത്, സെമി പെർമനന്റായ കെട്ടിടങ്ങൾ എന്നിവ പുതുക്കിപ്പണിയണം.

എല്ലാ ക്ലാസ്സ്റൂമുകളും ഹൈടെക്ക് വിത്ത് അറ്റാച്ച്ഡ് ബാത്ത്റൂമുകൾ (ഇ-ലേണിംഗ് സൗകര്യം) അസംബ്ലി ഹാൾ ഡൈനിംഗ് ഹാൾ, എ. ടി. എം. കൗണ്ടർ.

പ്രതീക്ഷിത തുക - 10,00,00,000

**<u>ഉപമേഖല - സ്ക്കൂൾ ആകർഷകമാക്കൽ</u>**

പൂർണ്ണമായ ചുറ്റുമതിൽ

പരിസ്ഥിതി സൗഹൃദ ടൈലുകൾ പാകിയ സ്ക്കൂൾ അങ്കണം.

എല്ലാ ക്ലാസ്സ് റൂമുകളിലും ചെയർ അറ്റാച്ച്ഡ് ടേബിൾ

സ്ക്കൂൾ അങ്കണത്തിൽ പൂന്തോട്ടം, ഔഷധത്തോട്ടം, ജൈവ പച്ചക്കറിത്തോട്ടം.

ജൈവവൈവിധ്യ പാർക്കുകൾ.

പാഠശാല, പഠനോപകരണങ്ങൾ.

എല്ലാ ക്ലാസ്സ്റൂമുകളിലും സൗണ്ട്ബോക്സ് സിസ്റ്റം.

പാർക്കുകളുടെ നവീകരണം.

പ്ലേസ്ക്കൂൾ വിത്ത് കിഡ്സ് പാർക്ക്.

സമ്പൂർണ്ണ സോളാർ പാനൽ സംവിധാനങ്ങൾ.

പ്രതീക്ഷിത തുക - 20,00,000

**<u>ഉപമേഖല - ടോയ്‌ലറ്റുകളുടെ നിർമ്മാണം</u>**

അടച്ചുറപ്പുള്ളതും സേഫ്റ്റി ടാങ്കുള്ളതുമായ ടോയ്‌ലറ്റുകൾ.

ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റുകൾ

സാനിട്ടറി ഐറ്റംസ്

പ്രതീക്ഷിത തുക - 25,00,000

ഉപമേഖല - മാലിന്യനിർമ്മാർജ്ജനം

ട്രീറ്റ്മെന്റ് പ്ലാന്റ്

ബയോഗ്യാസ് പ്ലാന്റ്

മാലിന്യങ്ങൾ ഒരു ടാങ്കിൽ കേന്ദ്രീകരിക്കുന്നതിനുള്ള കാനകൾ.

പ്ലാസ്റ്റിക് രഹിത കാമ്പസ്സ്.

കമ്പോസ്റ്റ് പിറ്റ്സ്

ഇൻസിജനറേറ്ററുകൾ

പ്രതീക്ഷിത തുക - 10,00,000

**<u>ഉപമേഖല - കളിസ്ഥലം</u>**

കായികപരിശീലനത്തിനുള്ള കോർട്ടുകൾ

പ്രി പ്രൈമറിക്ക് പ്രത്യകമായ കളിസ്ഥലം

പരിശീലനം നൽകുന്നതിനുള്ള കായികാദ്ധ്യാപകൻ.

കായിക പരിശീലനത്തിനുള്ള ഉപകരണങ്ങൾ.

പ്രതീക്ഷിത തുക - 10,00,000

## ഉപമേഖല - കുടിവെള്ള സൗകര്യം

മഴവെള്ളസംഭരണിയും എല്ലാ ക്ലാസ്സുകളിലും വെള്ളം ഫിൽട്ടർ ചെയ്യുന്നതിനുള്ള സംവിധാനവും.

ഫ്രിഡ്ജ്, വാട്ടർ ഹീറ്ററുകൾ, ഇൻഡക്ഷൻ കുക്കർ.

കിണർ ശുദ്ധീകരിക്കുന്നതിനുള്ള ആധുനിക സംവിധാനങ്ങൾ.

സോളാർ പാനൽ സംവിധാനങ്ങൾ (സമ്പൂർണ്ണം)

പ്രതീക്ഷിത തുക - 20,00,000

## ഉപമേഖല - സ്ക്കൂൾ പോഷകാഹാര പദ്ധതി

ആധുനികവൽക്കരിച്ച അടുക്കള.

പാചകത്തൊഴിലാളികൾക്ക് യൂണിഫോം

ബയോഗ്യാസ് പ്ലാന്റ് നവീകരണം.

പാചകത്തിനും വിതരണത്തിനും ആവശ്യമായ ഉപകരണങ്ങൾ.

സ്ക്കൂൾ പച്ചക്കറിത്തോട്ടം

ഡൈനിംഗ് ഹാൾ.

കോമ്പൗണ്ട് കിച്ചൻ.

പ്രതീക്ഷിത തുക - 25,00,000

## ഉപമേഖല - വാഹനസൗകര്യം

സ്ക്കൂളിന് സ്വന്തമായ ഒരു വാഹനം

കുട്ടികൾക്ക് സൈക്കിളും അദ്ധ്യാപകർക്ക് വാഹനങ്ങളും പാർക്ക് ചെയ്യുന്നതിനുള്ള സംവിധാനം.

പ്രതീക്ഷിത തുക - 20,00,000

# മേഖല : സാമൂഹികം

## ഉപമേഖല - പ്രവേശനോത്സവം

വിദ്യാഭ്യാസ വർഷാരംഭത്തിൽ വിദ്യാലയം, പഞ്ചായത്ത്, പൂർവ്വവിദ്യാർത്ഥി സംഘടന, എസ്സ്. എം. സി., രക്ഷിതാക്കൾ എന്നിവരുടെ സഹകരണത്തോടുകൂടി നവാഗതരെ വിദ്യാലയത്തിലേയ്ക്ക് വരവേൽക്കുന്ന പ്രവേശനോത്സവം വിദ്യാലയങ്ങളും സമൂഹവുമായുള്ള ബന്ധത്തെ ഊഷ്മളമാക്കുന്നു. അക്ഷരദീപം തെളിച്ച് നവാഗതരെ സ്വാഗതം ചെയ്യുന്നതോടൊപ്പം കുട്ടികൾക്കായി മധുരപലഹാരങ്ങൾ, സമ്മാനങ്ങൾ എന്നിവ വിതരണം ചെയ്യുന്നു. സ്ക്കൂൾ ആകർഷണീയമാക്കുന്നു.

50,000

## ഉപമേഖല - കോർണർ പി. ടി. എ., വിദ്യാഭ്യാസ സദസ്സുകൾ

വിദ്യാലയത്തിലേയ്ക്ക് കുട്ടികളെ കൂടുതലായി അകർഷിക്കുന്നതിനും വിദ്യാലയത്തിലെ അക്കാദമിക അക്കാദമികേതര പ്രവർത്തനങ്ങൾ സമൂഹത്തിലേയ്ക്ക് എത്തിക്കുന്നതിനും വേണ്ടി വർഷത്തിൽ 4 തവണ വ്യത്യസ്ത പ്രദേശങ്ങളിൽ സംഘടിപ്പിക്കുന്നു.

30,000

## ഉപമേഖല - ഭവനസന്ദർശനം

വിദ്യാലയവും രക്ഷിതാക്കളും തമ്മിലുള്ള ബന്ധം ദൃഢമാക്കുക, കുട്ടികളുടെ ജീവിത സാഹചര്യങ്ങൾ തിരിച്ചറിയുക, പഠനപ്രവർത്തനങ്ങളിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക, പഠനത്തിൽ പന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ആവശ്യമായ സഹായങ്ങൾചെയ്യുക, മുന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് കൂടുതൽ പ്രാവീണ്യം നേടുന്നതുനുള്ള സാഹചര്യം ഒരുക്കുക.

## ഉപമേഖല - ക്ലാസ്സ് പി. ടി. എ., എസ്സ്. എം. സി. മീറ്റിംഗ്

കുട്ടികളുടെ പഠനനിലവാരം വിലയിരുത്തുന്നതോടൊപ്പം കുട്ടികളുടെ ഉൽപ്പന്നങ്ങളുടെ പ്രദർശനം, പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവ ക്ലാസ്സ് പി. ടി. എ.യിൽ ആസൂത്രണം ചെയ്യൽ.

എസ്സ്. എം. സി. യിൽ കുട്ടികളുടെ അക്കാദമിക-അക്കാദമികേതര പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതുനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ, സാമൂഹിക ബന്ധം ദൃഢമാക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ പ്ലാനിംഗ്, പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുടെ വിലയിരുത്തൽ, മേൽപ്രവർത്തനങ്ങൾ നടപ്പാക്കൽ.

30,000

## ഉപമേഖല - ദിനാചരണങ്ങൾ, ആഘോഷങ്ങൾ

വിദ്യാലയവുമായുള്ള സാമൂഹ്യബന്ധം ദൃഢമാക്കുന്നതിനുവേണ്ടി പഞ്ചായത്ത്, രക്ഷിതാക്കൾ, സമൂഹത്തിലെ പ്രമുഖർ എന്നിവരെ ഉൾപ്പെടുത്തി ദിനാചരണങ്ങളും ഓണം, റംസാൻ, ക്രസ്തുമസ്സ് മുതലായ ആഘോഷങ്ങളും നടത്തുന്നു.

ഈ ദിനാചരണങ്ങളിലും ആഘോഷങ്ങളിലും അദ്ധ്യാപകരുടേയും കുട്ടികളുടേയും രക്ഷിതാക്കളുടേയും പ്രമുഖരായുള്ളവരുടെയും വ്യത്യസ്ത മേഖലകളിലുള്ള കഴിവുകൾ പ്രകടിപ്പിക്കുന്നതിനു വേണ്ടിയുള്ള സാഹചര്യമൊരുക്കുകയും ചെയ്യുന്നു.

## ഉപമേഖല - അശരണർക്കുള്ള സഹായം

സമൂഹത്തിൽ സാമ്പത്തികവും ശാരീരികവുമായി അവശതയനുഭവിക്കുന്നവർക്ക് സഹായമെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.

## ഉപമേഖല - ബോധവത്ക്കരണ ക്ലാസ്സുകൾ, സർവ്വേകൾ, ക്യാമ്പുകൾ

സമൂഹം നേരിടുന്ന വിപത്തുകളായ മദ്യം, മയക്കുമരുന്ന്, മലിനീകരണ പ്രശ്നങ്ങൾ, പ്ലാസ്റ്റിക്ക് സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ മുതലായവയെക്കുറിച്ച് ക്ലാസ്സുകൾ സംഘടിപ്പിക്കുക, ഇവയുടെ വിപത്തുകളെക്കുറിച്ച് അറിയിക്കുകയും ബോധവൽക്കരണം നടത്തുന്നതിനുമായി സർവ്വേകൾ സംഘടിപ്പിക്കുക. ക്യാമ്പുകൾ നടത്തുക.

50,000

## ഉപമേഖല - പൂർവ്വ വിദ്യാർത്ഥി സംഘടന

സ്ക്കൂളിന്റെ സർവ്വതോന്മുഖമായ പുരോഗതിയ്ക്ക് (അക്കാദമികം, ഭൗതികം, സാമൂഹികം) ഉതകുന്ന രീതിയിൽ സംഘടിപ്പിക്കപ്പെട്ടിട്ടുള്ള പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം കൂടുതൽ ഊർജ്ജിതമാക്കണം.

കല, കായിക, കരാട്ടെ, യോഗ പരിശീലനപരിപാടികൾ.

കുട്ടികളിൽ അന്തർലീനമായ കഴിവുകളെ കണ്ടെത്തി അവയെ പരിപോഷിപ്പിക്കുന്നതിന് വേണ്ടിയുള്ള പരിശീലനം നൽകൽ.

## ഉപമേഖല - വാർഷികാഘോഷം

പൂർവ്വവിദ്യാർത്ഥി സംഘടന, എസ്സ്. എം. സി, എം. പി. ടി. എ., രക്ഷിതാക്കൾ എന്നിവരുടെ സഹകരണത്തോടുകൂടി വാർഷികാഘോഷം നടത്തുന്നു. അക്കാദമിക-അക്കാദമികേതര പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്ന കുട്ടികൾക്ക് അവരുടെ കഴിവുകൾ പ്രകടമാക്കുന്നതിനുള്ള അവസരം ലഭ്യമാക്കുന്നു.

10,00000

# ആമുഖം

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് ഓരോ സ്കൂളും ഓരോ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനൊപ്പം സമഗ്രമായ മികവ് വിളിച്ചോതുന്ന പ്രവർത്തനങ്ങൾ ഇതിൽ ഉൾപ്പെടുത്തേണ്ടതുണ്ട്.

മുഴുവൻ കുട്ടികളുടേയും അക്കാദമിക വളർച്ചയ്ക്ക് വേണ്ടി തയ്യാറാക്കുന്ന സമഗ്രമായ അക്കാദമിക് മാസ്റ്റർ പ്ലാൻ ഒരു സ്കൂളിന്റെ പ്രധാന മാർഗരേഖയാണ്.

# ലക്ഷ്യം

- സ്കൂളിലെ മുഴുവൻ കുട്ടികൾക്കും സൗഹാർദപരമായും ശിശു കേന്ദ്രീകരിച്ചിട്ടുള്ളതുമായ രീതിയിൽ പഠനവും പാഠ്യേതരപ്രവർത്തനങ്ങളും സംഘടിപ്പിക്കുക

- നിരന്തരമൂല്യനിർണയം ചിട്ടപ്പെടുത്തുക.

- കുട്ടികൾ അതാതു ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പ് വരുത്തുക.

- പഠനകാര്യത്തിലും പഠനാനുബന്ധ രംഗത്തും രക്ഷിതാക്കളുടെ നിരന്തര പിന്തുണ ഉറപ്പാക്കുന്ന തരത്തിൽ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

- ദിനാചരണങ്ങൾ അക്കാദമിക ലക്ഷ്യത്തോടെ മാത്രം സംഘടിപ്പിക്കുക.

- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വേണ്ടി പഠന പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

- ക്ലാസ് പ്രവർത്തനങ്ങളിൽ പരമാവധി കുട്ടികളെ പങ്കെടുപ്പിച്ച് പഠന പ്രവർത്തനങ്ങൾ ക്രമപ്പെടുത്തുക

- മികവുകൾ സമൂഹത്തിൽ എത്തിക്കുന്നതിനുള്ള വിവിധ പരിപാടികൾ ആസൂത്രണം ചെയ്യുക.

# മലയാളം

Std: 1

ലക്ഷ്യങ്ങൾ:

* ഒന്നാം ക്ലാസിലെ എല്ലാം കുട്ടികളെയും എഴുതാനും വായിക്കാനുമുള്ള ശേഷിയുള്ള വരാക്കുക
* ലളിതമായ ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
* സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതാനുള്ള കഴിവുനേടുക.
* പതിപ്പുകൾ തയ്യാറാക്കുക
* ലളിതമായ വായനാക്കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
* സ്വന്തമായി ഡയറി എഴുതുക
* ലഘുകവിതകൾ പാടി ആസ്വദിക്കുക.

| | |
|---|---|
| ജൂൺ | * കഥകളിലൂടെ ചിത്രവായന<br>* നിറം നൽകൽ<br>* ചിത്രകാർഡുകൾ, വായനാകാർഡുകൾ, നിർമ്മാണ ശില്പശാല<br>* കഥയരങ്ങ് |
| ജൂലൈ. | * അക്ഷരപ്പാട്ടുകൾ പഠിക്കൽ<br>* ചിത്രവായന, Role play, സംയുക്ത ഡയറി<br>* നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ |

| | |
|---|---|
| ആഗസ്റ്റ് | • നിശ്ചിത എണ്ണത്തെ object ആയി വരച്ച് ചേർക്കൽ<br>• 5 വരെയുള്ള സംഖ്യകൾ ഉറപ്പിക്കുന്നതിനുള്ള കൂടുതൽ പ്രവർത്തനങ്ങൾ<br>• കുഞ്ഞുപുസ്തകം തയ്യാറാക്കൽ<br>• 1 മുതൽ 9 വരെയുള്ള സംഖ്യകൾ പരിചയപ്പെടൽ. |
| സെപ്തംബർ | • 10 എന്ന സംഖ്യ പരിചയപ്പെടൽ<br>• 10 നോട് 1 ചേർന്നാൽ അടുത്ത സംഖ്യ എന്ന ആശയം<br>• വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ |
| ഒക്ടോബർ | • ഒരക്ക സംഖ്യകൾ തമ്മിലുള്ള സങ്കലനം<br>• ഒരക്ക സംഖ്യകൾ തമ്മിലുള്ള വ്യവകലനം<br>• സംഖ്യാ വ്യാഖ്യാനം.<br>• മഞ്ചാടി സഞ്ചി ഉപയോഗിച്ച് ഗണിത ക്രിയകൾ ചെയ്യുന്നു. |
| നവംബർ | • ഒറ്റസംഖ്യകൾ, ഇരട്ടസംഖ്യകൾ തിരിച്ചറിയൽ<br>• സംഖ്യാഗാനങ്ങൾ പാടുന്നു<br>• ഗണിതക്കളികളിൽ ഏർപ്പെടൽ |

| | |
|---|---|
| ഡിസംബർ | • സംഖ്യാഗാനങ്ങൾ ശേഖരിക്കുന്നു.<br>• ഗണിത പ്രവർത്തനങ്ങൾ ആസ്വാദ്യകരമാക്കാൻ വർക്ക്ഷീറ്റ്<br>• ഒരക്കസംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള സങ്കലനം. |
| ജനുവരി | • സംഖ്യകളെ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതുന്നു.<br>• ഗണിത ആൽബം<br>• എന്റെ നമ്പർ ബുക്ക് തയ്യാറാക്കൽ |
| ഫെബ്രുവരി | • ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള വ്യവകലനം<br>• സങ്കലന വ്യവകലന ചിഹ്നങ്ങൾ തിരിച്ചറിയൽ, ഉറപ്പിക്കൽ<br>സംഖ്യാവ്യാഖ്യാനം ഉറപ്പിക്കൽ<br>• ഗണിത ആൽബം, കുഞ്ഞുപുസ്തകങ്ങൾ, പ്രദർശനം<br>സംഖ്യാഗാന ആൽബം |
| മാർച്ച് | • വിവിധ വർക്ക്ഷീറ്റുകൾ<br>• സ്വതന്ത്രമായി ഗണിതക്രിയകൾ മനസ്സിലാക്കി ചെയ്യൽ |

Std : I

# ഗണിതം.

ലക്ഷ്യങ്ങൾ:

- സംഖ്യകൾ തിരിച്ചറിയുന്നു, എഴുതുന്നു.
- സംഖ്യകളെ വലുത്, ചെറുത്, കൂടുതൽ കുറവ്, തുല്യം എന്നിങ്ങനെ വിശദീകരിക്കുന്നു.
- 1 മുതൽ ൨൦ വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- സംഖ്യയെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കാനുള്ള കഴിവ് നേടൽ

| | |
|---|---|
| ജൂൺ | വിവിധ ഗണിത കേളികളിലൂടെ ഗണിതാശയങ്ങൾ ഉറപ്പിക്കൽ [നിർമ്മാണം, ചിത്രംവര നിറം നൽകൽ കളിക്കൽ ....] |
| ജൂലൈ | 1 മുതൽ 5 വരെയുള്ള സംഖ്യകളെ വിവിധ objects ലൂടെ പരിചയപ്പെടൽ<br>നിശ്ചിത എണ്ണത്തിന് നിറം നൽകൽ<br>കൂടുതൽ, കുറവ് കണ്ടെത്തൽ |

| | |
|---|---|
| ഓഗസ്റ്റ് | * ചിത്രവായനാക്കാർഡുകൾ തയ്യാറാക്കൽ<br>* വിവിധ പാട്ടുകൾ പാടിയും പങ്കിട്ടും ആസ്വദിക്കൽ<br>* ലഘുകഥകൾ പറയൽ<br>* അക്ഷരപ്പാട്ടുകൾ, പാഠഭാഗത്തെ വായനാസാമഗ്രികൾ എന്നിവയിലൂടെ അക്ഷരങ്ങൾ, പദങ്ങൾ വാക്യങ്ങൾ പരിചയപ്പെടൽ |
| സെപ്റ്റംബർ | * അക്ഷരങ്ങൾ, ചിഹ്നങ്ങൾ, ഉറപ്പിക്കൽ, കൂടുതൽ പ്രവർത്തനങ്ങളിലൂടെ ഇത്ര നാൾ അക്ഷരങ്ങൾ ഉറപ്പിക്കൽ<br>* ലളിതമായ വായനാക്കാർഡുകൾ നിർമ്മിക്കുന്നു. |
| ഒക്ടോബർ | * ചിത്രവായനയിലൂടെ ലഘുവാക്യങ്ങൾ പറയൽ, എഴുതൽ<br>* വായനോത്സവം സംഘടിപ്പിക്കൽ<br>* പാട്ടരങ്ങ്<br>* എന്റെ വായന സമ്മാനം |
| നവംബർ | * ലഘു വായനാസാമഗ്രികൾ വായിക്കൽ<br>* വരികൾ കൂട്ടിച്ചേർക്കൽ<br>* പത്രവായന. |

| | |
|---|---|
| ഡിസംബർ | * ലഘുവിവരണങ്ങൾ സ്വന്തമായി തയ്യാറാക്കൽ<br>* ചിത്രവായന സ്വന്തമായി തയ്യാറാക്കൽ<br>* മാഗസിൻ നിർമ്മാണത്തിൽ പങ്കാളിയാകൽ |
| ജനുവരി | * ചിത്രകഥ വായന<br>* ചിത്രം നോക്കി കഥ പറയൽ<br>* ചിത്രങ്ങളിൽ നിന്നും കഥ പറയൽ |
| ഫെബ്രുവരി | * കൂട്ടവായന · റീഡേഴ്സ് തിയേറ്റർ<br>* ബാലസാഹിത്യകൃതികൾ പരസ്പരം സഹായിച്ചും സ്വന്തമായും വായിക്കുന്നു.<br>* E-വായനയുടെ സാധ്യത കണ്ടെത്തൽ<br>* ITC സാധ്യത - വായന |
| മാർച്ച് | * കുട്ടികൾ തയ്യാറാക്കിയ കഥകൾ കവിതകൾ പതിപ്പുകൾ എന്നിവയുടെ പ്രദർശനം<br>* വായനമത്സരങ്ങൾ സംഘടിപ്പിക്കൽ<br>* സംയുക്ത ഡയറി പ്രകാശനം |

# ഗണിതം - (Class. II)

## ആമുഖം

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമാക്കുക. ഓരോ പഠനനേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ.

## പ്രവർത്തന ലക്ഷ്യങ്ങൾ

* സംഖ്യാബോധം, സംഖ്യാ വ്യാഖ്യാനം, സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം [100 വരെയുള്ള സംഖ്യകൾ] എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.
* സംഖ്യാബോധവും, ക്രിയാശേഷിയും എല്ലാവരിലും ഉറപ്പാക്കൽ.

| പ്രവർത്തനങ്ങൾ | മാസം. |
|---|---|
| * 1 മുതൽ 50 വരെയുള്ള സംഖ്യകൾ ക്രമമായി എഴുതൽ<br>* വിട്ടുപോയ സംഖ്യ പൂരിപ്പിക്കൽ<br>- മുന്നിൽ, പിന്നിൽ, നടുക്ക് - സംഖ്യകൾ കണ്ടെത്തൽ<br>* പാറ്റേണുകളിലെ സംഖ്യാബോധം | ജൂൺ |

| പ്രവർത്തനങ്ങൾ | മാസം. |
| --- | --- |
| * പത്തിന്റെയും, ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യ രൂപീകരിക്കൽ<br>* ഒരു സംഖ്യയോട് 1 കൂട്ടിയാൽ തൊട്ടടുത്ത സംഖ്യയും 1 കുറച്ചാൽ തൊട്ടു മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ്.<br>* സ്ഥാന വിലക്കനുസരിച്ച് സംഖ്യയെഴുതൽ | ജൂലൈ |
| * വിവിധ പാറ്റേണുകൾ കണ്ടെത്തൽ<br>* സംഖ്യകളുടെ പ്രത്യേകത കണ്ടെത്തൽ<br>* 99 നോട് 1 കൂട്ടിയാൽ 100.<br>10 പത്തുകൾ ചേർന്നാൽ 100 ആകും<br>* പ്രായോഗിക ഗണിതാശയങ്ങൾക്കുള്ള കൂടുതൽ പ്രവർത്തനങ്ങൾ. | ആഗസ്റ്റ് |
| * ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ചുള്ള പ്രായോഗികപ്രശ്ന പരിഹരണ പ്രവർത്തനങ്ങൾ<br>* വിലവിവരപ്പട്ടിക തയ്യാറാക്കൽ<br>* ക്ലാസിലൊരു കട | സെപ്റ്റംബർ |
| * രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ<br>* സങ്കലന- വ്യവകലന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ<br>* സംഖ്യാപാറ്റേണുകൾ രൂപീകരിക്കൽ | ഒക്ടോബർ |

| | |
|---|---|
| * പാറ്റേണിലെ സംഖ്യകൾ തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ | |
| * സ്ഥാനവില തിരിച്ചറിയൽ - ഉറപ്പിക്കൽ<br>* പ്രായോഗിക പ്രശ്ന പരിഹാരണത്തിനായുള്ള കളിനോട്ടു നിർമ്മാണം<br>* നോട്ടുകളും, നാണയങ്ങളും തിരിച്ചറിയൽ, കൂട്ടിച്ചേർത്ത് സംഖ്യ രൂപീകരിക്കൽ<br>10 + 5 = 15 Rs | നവംബർ |
| * സംഖ്യാബോധം - സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ<br>* സ്ഥാന വില പോക്കറ്റ്, അബാക്കസ് നിർമ്മാണം<br>* രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്തുന്നതിനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കൽ | ഡിസംബർ |
| * വിലവിവര പട്ടിക തയ്യാറാക്കൽ<br>* വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ<br>* പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ<br>* പ്രശ്നപരിഹരണം നടത്തിയ രീതി പറഞ്ഞവതരിപ്പിക്കൽ. | ജനുവരി |

| | |
| --- | --- |
| * 1 മുതൽ 100 വരെയുള്ള സംഖ്യകളുടെ വിവിധ പ്രവർത്തനങ്ങളിൽ പ്രാപ്തി നേടൽ<br>* ഗണിത പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ | ഫെബ്രുവരി |
| * കലണ്ടർ - പ്രവർത്തനങ്ങൾ<br>* മാസങ്ങളും . ദിവസങ്ങളും<br>* മാസങ്ങളിലെ ദിവസങ്ങളുടെ വ്യത്യാസം<br>* കലണ്ടർ സംഖ്യാബന്ധങ്ങൾ പാറ്റേൺ രൂപീകരിക്കൽ . | മാർച്ച് . |

# മലയാളം (class-II)

ആമുഖം.

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാവികാസം വൈജ്ഞാനിക മേഖല, സർഗ്ഗാത്മക മേഖല വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്തല മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. എല്ലാ വിഷയത്തിലും നൈപുണ്യനേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോകുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം.

## പ്രവർത്തന ലക്ഷ്യങ്ങൾ

→ രണ്ടാം ക്ലാസിലെ ഓരോകുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

→ എല്ലാ കുട്ടികളുടെയും ആശയ ഗ്രഹണ വായന ഉറപ്പാക്കുക.

→ സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുക

→ ചിത്രത്തെ ആസ്പദമാക്കി സംഭാഷണം. ലഘു വിവരണം, കഥ, എന്നിവ തയ്യാറാക്കൽ.

→ ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ, കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും

| ചെയ്യുന്നു. | |
|---|---|
| പ്രവർത്തനങ്ങൾ | മാസം. |
| → Class PTA.<br>→ സന്നദ്ധതാ പ്രവർത്തനങ്ങൾ<br>→ പ്രത്യേക പ്രവർത്തന പാക്കേജ്.<br>• പൊതുവിഷയങ്ങൾ.<br>• സുരക്ഷയും ഗതാഗതവും<br>• ശുചിത്വം, പരിസ്ഥിതി, സൗന്ദര്യവൽക്കരണം മാലിന്യമുക്ത വിദ്യാലയം<br>→ രാസ - ലഹരി മൊബൈൽ അഡിക്ഷൻ ബോധവത്ക്കരണ ക്ലാസ്.<br>⇒ ഭാഷണത്തിനുള്ള അവസരം ഒരുക്കൽ.<br>⇒ വായനയും എഴുത്തും. വികസിപ്പിക്കൽ.<br>→ സംയുക്ത ഡയറി എഴുത്ത്<br>→ ക്ലാസിൽ സംയുക്താ ഡയറി വായന.<br>→ പത്രവായന | ജൂൺ. |
| → ദിനാചരണവുമായി ബന്ധപ്പെട്ട് എഴുത്തിന്റെയും വായനയുടെയും സാധ്യത. ഉറപ്പാക്കൽ.<br>→ വായനാ കാർഡുകൾ. വായിക്കാൻ<br>→ [illegible] | ജൂലൈ. |

| | |
|---|---|
| → class PTA.<br>→ യൂണിറ്റ് ടെസ്റ്റ് | |
| → വീട്ടുലൈബ്രറി ഒരുക്കൽ<br>→ ചേർത്തെഴുത്തിന്റെ പ്രത്യേകത തിരിച്ചറിയൽ<br>→ ചിത്രവിവരണം<br>→ വായനാതലത്തിൽ നിന്നും വ്യത്യസ്ത വ്യവഹാര രൂപങ്ങൾ. നിർമ്മിക്കൽ.<br>* ചോദ്യത്തര നിർമാണം<br>* കഥാ രചന<br>* ലഘു വിവരണങ്ങൾ. | ആഗസ്റ്റ്. |
| → വായിച്ച കഥയെ ചിത്രങ്ങളാക്കൽ<br>→ വായിച്ച കഥയിൽ നിന്നും സംഭാഷണം തയ്യാറാക്കൽ.<br>→ വായിച്ച കഥയുടെ രംഗാവിഷ്കരണം<br>→ ചോദ്യനിർമാണം | സെപ്റ്റംബർ. |
| → കേട്ടതോ വായിച്ചതോ ആയ കഥകൾ സംഭാഷണങ്ങൾ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കൽ<br>→ സ്വന്തമായി കടങ്കഥകൾ. നിർമ്മി· | ഒക്ടോബർ. |

| | |
|---|---|
| →വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കൽ. | |
| →സ്വതന്ത്രമായ സർഗ്ഗാത്മക രചനകളിൽ ഏർപ്പെടൽ.<br>→ റീഡേഴ്സ് തിയേറ്റർ<br>→ രചനോത്സവം. | നവംബർ. |
| →ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>→ വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കൽ. | ഡിസംബർ |
| →വരികൾ കൂട്ടിച്ചേർത്ത് പാടുന്നു എഴുതുന്നു.<br>→ ലഘുവിവരണങ്ങൾ എഴുതുന്നു. വായിച്ചവതരിപ്പിക്കുന്നു.<br>→ നാട്ടുവിശേഷം കൂട്ടെഴുത്ത് | ജനുവരി |
| → സ്വതന്ത്ര - സർഗ്ഗാത്മക രചനകൾ<br>→ ക്ലാസ് പത്രം<br>→ ക്ലാസ് PTA | ഫെബ്രുവരി |

| | |
|---|---|
| → വ്യക്തിഗത രചന പ്രോത്സാഹിപ്പിക്കൽ (കഥ, കവിത, രചനകൾ, ചിത്രം വര etc)<br>→ ഓരോ കുട്ടിയും ഓരോ പതിപ്പ്<br>→ എന്റെ കഥകൾ. | |
| | |

GUPS Odampally 2024-25 Std-III

അക്കാദമിക് മാസ്റ്റർപ്ലാൻ

~~~~~~ × ~~~~~~

<u>ലക്ഷ്യം</u>

* വിദ്യാർത്ഥികൾക്ക് ശുദ്ധമായി മലയാളം വായിക്കാനും എഴുതാനും കഴിയേണ്ടതാണ്
* ശബ്ദ ശേഖരം
* നിർദേശങ്ങൾ പാലിക്കാനുള്ള ശേഷിയും വായനാ ശേഷിയും വർദ്ധിപ്പിക്കുക
* ആലോചനങ്ങളും വികാരങ്ങളും പ്രകടിപ്പിക്കാൻ കഴിയണം.

| കാലയളവ് | പ്രവർത്തനം |
|---|---|
| ജൂൺ- ജൂലൈ | * നിർദേശങ്ങൾ പാലിക്കാനുള്ള ശേഷിയും വായനാ ശേഷിയും വർദ്ധിപ്പിക്കുക<br>* ഭാഷാ ഗെയിമുകൾ, ആക്ഷൻ സോംഗ്<br>* ഭാവാത്മക വായന<br>* കഥ പറയൽ<br>* അധ്യാപിക ഭാവാത്മകമായി പറയുന്ന കഥകൾ കേൾക്കൽ.<br>* കടങ്കഥകൾ പഴഞ്ചൊല്ല് |
| ആഗസ്റ്റ്- സെപ്തംബർ | *സൃഷ്ടിപരമായ എഴുത്തിലും സംസാര<br>*പുറകിലുള്ള വിദ്യാർത്ഥികളെ വികസിപ്പിക്കുക.<br>*വാക്കുകളും വാക്യങ്ങളും നിർമിക്കുക |
~~~~~~

| കാലയളവ് | പ്രവർത്തനം |
| --- | --- |
| ഒക്ടോ— നവംബർ | * വായനശേഷി<br>* ലൈബ്രറി പുസ്തകങ്ങൾ വായിക്കുക<br>* കഥ, നോവൽ<br>* അനുഭവക്കുറിപ്പുകൾ |
| ഡിസംബർ - ജനുവരി | * വാക്കുകളും വാക്യങ്ങളും നിർമ്മിക്കുക<br>* ചോദ്യോത്തരപ്പയറ്റ്<br>* വാക്കുകൾ കൂട്ടിച്ചേർത്ത് കവിതയിൽ വരികൾ എഴുതുക. |
| ഫെബ്രു — മാർച്ച് | * ഈണത്തിലും താളത്തിലും കവിത ചൊല്ലുക.<br>കവിതാഭാഗം ചർച്ചിപ്പിക്കുക. |

GUPS Odampally Std- III

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## പരിസരപഠനം

**ലക്ഷ്യം**

* പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക
* ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക.
* കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക.
* ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താൽപര്യവും വളർത്തുക.

| കാലയളവ് | പ്രവർത്തനം |
| --- | --- |
| ജൂൺ - ജൂലൈ | * ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം<br>* പ്രത്യേകതകൾ മനസ്സിലാക്കാം<br>* വിവിധ ആവാസ വ്യവസ്ഥകൾ അടുത്തറിയാം<br>* നമുക്ക് ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നം<br>ചർച്ച ; തെറ്റും ശരിയും |
| ജൂൺ- മാർച്ച് | ചാന്ദ്രോത്സവം ഒരുക്കാം |

| കാലയളവ് | പ്രവർത്തനം |
| --- | --- |
| ജൂൺ | * വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ |
| ജൂൺ- മാർച്ച് | ഒരു തൈ നടാം<br>* പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടീൽ<br>* നട്ട വൃക്ഷത്തൈ പരിപാലിക്കൽ |
| ജൂൺ | പോസ്റ്റർ നിർമ്മാണം<br>പ്രകൃതി സംരക്ഷണ പോസ്റ്ററുകൾ തയ്യാറാക്കൽ പരിസരങ്ങളിൽ പതിക്കൽ. |
| ഒക്ടോ- മാർച്ച് | ദാഹജലം<br>പൂന്തോട്ടത്തിൽ വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം. |

G.U.P.S, ODAMPALLY 2025-26 Std III

അക്കാദമിക മാസ്റ്റർ പ്ലാൻ

## ഗണിതം

ലക്ഷ്യം I — 1 മുതൽ 1000 വരെയുള്ള സംഖ്യകൾ എഴുതൽ

ലക്ഷ്യം II — മൂന്നക്ക നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കുന്നു ഇഷ്ടമുള്ള സംഖ്യ എഴുതി

ലക്ഷ്യം III — ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.

| മാസം | പ്രവർത്തനം |
|---|---|
| ജൂൺ | നറുക്കെടുക്കാം<br>⇒ സംഖ്യകൾ എഴുതിയ നറുക്ക് നൽകി വായിപ്പിക്കുന്നു മറ്റുള്ളവർ കേട്ടെഴുതുന്നു.<br>⇒ സംഖ്യാ നറുക്ക് എടുക്കുന്നു. സംഖ്യ വായിച്ച് ശേഷം തുടർന്നുള്ള 10 സംഖ്യകൾ എഴുതുന്നു<br>⇒ പാറ്റേൺ പൂർത്തിയാക്കാം<br>വിവിധ സംഖ്യാ പാറ്റേൺ പൂർത്തിയാക്കൽ. |
| ജൂലൈ-ആഗസ്റ്റ് | വ്യത്യസ്ത സംഖ്യകൾ നൽകി ആരോഹണം. അവരോഹണം ക്രമത്തിലെഴുതുന്നു.<br>മൂന്നക്ക - നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കുന്നു ഇഷ്ടമുള്ള സംഖ്യ എഴുതി<br>1, 10, 100, 1000 - ന്റെ കൂട്ടങ്ങളാക്കി മാറ്റുന്നു |

| മാസം | പ്രവർത്തനം |
|---|---|
| സെപ്ത്-ഒക്ടോബർ | ഭാഗ്യവാനെ കണ്ടെത്താം<br>അധ്യാപകൻ ബോർഡിൽ ഒരു സംഖ്യ എഴുതുന്നു വിവിധ ഉത്തരങ്ങൾ എഴുതിയ നറുക്കുകൾ കുട്ടികൾക്ക് നൽകുന്നു. ശരിയായ ഉത്തരങ്ങൾ ടീച്ചർ ബോർഡിൽ എഴുതുന്നു. |
| ഓഗസ്റ്റ്-ഫെബ്രുവരി | ജോഡി കണ്ടെത്താം<br>· വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.<br>കുട്ടികൾക്ക് സംഖ്യ നറുക്കുകൾ തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു<br>കുട്ടികൾക്ക് കിട്ടിയ സംഖ്യ ചാർട്ടിലെ ഏത് ക്രിയയുടെ ഉത്തരം ആണെന്ന് കണ്ടെത്തി ആ കളത്തിൽ ഒട്ടിക്കാം. |
| ജൂലൈ-മാർച്ച് | സംഖ്യാ ചക്രം<br>* സംഖ്യാ ചക്രം കറക്കി 2 സംഖ്യകൾ തെരഞ്ഞെടുക്കുന്നു.<br>* അവ തമ്മിലുള്ള സങ്കലനം വ്യവകലനം ഗുണനം ഹരണം. |

GUPS, ODAMPALLY - 2025-26 Std. III

# ACADEMIC MASTER PLAN

## ENGLISH

Aim
1 To speak, read and write english without any mistake.
2 Pre-test
3 Listening Skills
4 Speaking Skills
5 Reading Skills
Writing Skills

| Month | Activity |
|---|---|
| June | * To develop listening skills and reading skills. |
| June-July | * Games, Actions Songs, Hello English activities<br>E cube English learning Skit<br>* Identify the naming words from the picture<br>* Identify the action words from the picture |

| Months | Activity |
| --- | --- |
| | Writing Skills |
| | Diary Description |
| | Announcement thought |
| Dec- Jan | Develop the creative speaking and writing. |
| | Reading Skills |
| | Library books reading |
| | Conversation |
| | Develop Story |
| | Read diary. |
| Feb- Mar | To improve the presentation power |
| | Reading Skills |
| | Library books reading |
| | Con. Skit Stories |
| | Develop Story |
| | Writing Skills |
| | Diary |
| | Descriptions |
| | thoughts |

# MATHS STD IV

| കളിക്കാം ഗണിതം | |
|---|---|
| പ്രവർത്തനം | കാലയളവ് |
| ഗണിതപഠനം രസകരമാക്കൽ - വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ, നടപ്പിലാക്കൽ മൂല്യനിർണ്ണയം (ഏണിയും, പാമ്പും, ഡയസ്കളി, കുഴവട കളി) | വർഷം മുഴുവൻ |
| ഗണിതമൂല | |
| ഗണിത ഉപകരണങ്ങളുടെ പ്രായോഗിക തലം തിരിച്ചറിയുന്നതിന് ഗണിതമൂല ഒരുക്കൽ, ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ |
| ജ്യാമിതിയിലൂടെ പഠനം | |
| ഗണിതശാസ്ത്രപഠനം രസകരമാക്കുന്നതിന് ജ്യാമിതി ഉപകരണങ്ങളുടെ നിർമ്മാണം. | വർഷത്തിൽ ഒരിക്കൽ. |
| ഗണിതക്വിസ് | |
| ഗണിത ക്വിസുകൾ നടത്തി വിജയികളെ കണ്ടെത്തി സമ്മാനങ്ങൾക്ക് അർഹരാക്കൽ | ത്രൈമാസാവസാനം. |

# English Std IV

| ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം) | | |
|---|---|---|
| പ്രവർത്തനം | കാലം | ചുമതല |
| ആഴ്ചയിൽ ഒരു ദിവസം അസംബ്ലി. അസംബ്ലിക്കു മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക് | വർഷം മുഴുവനും | ക്ലാസ് ടീച്ചർ |
| **ഇംഗ്ലീഷ് കൈയെഴുത്ത്** | | |
| ഇംഗ്ലീഷ് ഭാഷയിലൂടെ രചനാ മികവ്, സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി കുട്ടികളുടെ കയ്യെഴുത്ത് മാസികകൾ | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ |
| **ഇംഗ്ലീഷ് മാസിക** | | |
| സർഗ്ഗാത്മകത ഉത്പാദനം ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ Skit, Drama, Conversation | അധ്യയനവർഷം | ക്ലാസ് ടീച്ചർ |
| വായനാ ഉത്പാദനം വായനാവേള ഒരുക്കൽ Readers Theatre | ആഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ |

പരിസരപഠനം
ക്ലാസ് IV

## ഉദ്ദേശ്യങ്ങൾ

* നിരീക്ഷണം - അറിവ് നിർമ്മാണം
* ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ
* ശാസ്ത്രപഠനത്തിൽ താൽപര്യം ജനിപ്പിക്കൽ
അന്വേഷണ ത്വര വളർത്തൽ
* ഭൂപട വായന, ഭൂപടരചന, സൂചിക
* പരിചയപ്പെടൽ, സൂചികാ നിർമ്മാണം, കളങ്ങൾ ഉപയോഗിക്കൽ.
* ശാസ്ത്രപഠനം രസകരമാക്കൽ
* ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം
* അറിവുകളുടെ രചന.
* ശാസ്ത്രാവബോധം വളർത്തൽ
*

| | |
|---|---|
| ശാസ്ത്ര വിസ്മയ ചുവർ<br>ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ. | ഓഗസ്റ്റ് |
| ശാസ്ത്രോത്സവം<br>പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം (പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം) | സെപ്റ്റംബർ<br>ആവശ്യാനുസരണം<br>ആവശ്യാനുസരണം<br>എല്ലാമാസവും |
| ശാസ്ത്രമാസിക<br>ശാസ്ത്ര പഠനത്തിലൂടെ നേടിയ ശാസ്ത്ര മാസികകളുടെ നിർമ്മാണം | മാർച്ച് |
| ആൽബം തയ്യാറാക്കൽ | മാർച്ച് |

# ലക്ഷ്യങ്ങൾ

* ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ.
* വായനാശേഷി വളർത്തൽ
* എഴുത്ത് പരിപോഷിപ്പിക്കൽ
* ലേഖന ശേഷി വർദ്ധിപ്പിക്കൽ സാഹിത്യകാരന്മാരെ അടുത്തറിയൽ.
* അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT)
* നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ
* സാഹിത്യകാരന്മാരെ അടുത്തറിയൽ, ഓർമ്മദിനങ്ങൾ ആചരിക്കൽ.
* പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ.

| പ്രവർത്തനങ്ങൾ | കാലം |
|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ജൂൺ |
| ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ | ജൂൺ |
| വായിക്കാം വളരാം | |
| ക്ലാസ് വായന, ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തക പരിചയം | ജൂലൈ |
| വായനാകുറിപ്പ് ആസ്വാദന കുറിപ്പ് പുസ്തക സം[illegible] | ആഗസ്റ്റ് |
| എഴുതാം തെളിയാം | ആഗസ്റ്റ് |
| പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയശേഷികൾ ഉറപ്പിക്കുന്ന [illegible] | |

| | |
|---|---|
| എഴുത്തുകാരുമായി സംവദിക്കൽ | ജൂലൈ |
| സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട അവസരങ്ങളിൽ |
| കണ്ടറിയാം... കേട്ടറിയാം... പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം |
| രുചിച്ചറിയാം... | ഓഗസ്റ്റ് |
| കേരളീയ-പാചകക്കുറിപ്പുകളടങ്ങിയ പതിപ്പ് നിർമ്മാണം ക്ലാസിലൊരു സദ്യ | സെപ്റ്റംബർ |
| ഓർക്കാം. അഭിമാനിക്കാം (സാഹിത്യകാരന്മാർ) | ആവശ്യാനുസരണം. |
| സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം |

| | |
|---|---|
| ഡോക്യുമെന്ററി പ്രദർശനം, പുസ്തക പരിചയ ക്വിസ്, ലഘു പ്രഭാഷണം, ജീവിതരേഖ തയ്യാറാക്കൽ, പതിപ്പ് നിർമ്മാണം, പ്രദർശനം. | |
| കലക്കൂട്ട് | ജനുവരി |
| പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ്മുറിയിലേക്ക്. ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ പ്രദർശനം (സർഗോത്സവം, കലാവതരണം, കലാഉപകരണ, ചമയങ്ങൾ പ്രദർശനം) | ഫെബ്രുവരി, |
| കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | മാർച്ച് |

# മലയാളം UP തലം

## ലക്ഷ്യങ്ങൾ.

1. ഭാഷയുടെ അടിസ്ഥാന ശേഷി വികസനം ആശയ സംവേദനം നടത്താനും പഠിതാക്കളെ പ്രാപ്തരാക്കുക.
2. പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക.
3. സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തുക.
4. മലയാളം കമ്പ്യൂട്ടിംഗ് പരിജ്ഞാനം നേടിയെടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും.
5. പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കാൻ
6. കുട്ടികളുടെ [illegible]

| മാസങ്ങൾ | പ്രവർത്തനങ്ങൾ. |
| --- | --- |
| ജൂൺ. | • ഓർമ്മക്കുറിപ്പ് അവതരണം (അവധികാലം).<br>• പ്രവേശനോത്സവം.<br>* വായനാദിനാചരണം<br>• ചിത്രരചന (പ്രകൃതിഭംഗി.<br>• അനുഭവം ആഖ്യാനം. |
| ജൂലൈ. | • കാഴ്ചാനുഭവം വർണ്ണിക്കൽ.<br>• യാത്രാനുഭവങ്ങൾ പങ്കുവെക്കൽ.<br>• കവിതകളുടെ പതിപ്പ്<br>• എന്റെ സഞ്ചാരം (ബ്ലോഗ്).<br>• കഥയരങ്ങ് |
| ആഗസ്റ്റ്. | • പുസ്തകങ്ങൾ പരിചയപ്പെടുത്തൽ. |
| സെപ്തംബർ. | *(മാതൃഭാഷ (പ്രധാന്യം) സെമിനാർ<br>* കാർട്ടൂൺ അവതരണം. |
| ഒക്ടോബർ. | * പ്രഭാഷണം (വാക്ക് എന്ന് വിഷയത്തിൽ).<br>* യുദ്ധവിരുദ്ധറാലി.<br>* ഭാഷോത്സവം സംഘടിപ്പിക്കാം. |
| നവംബർ | * ചിത്രകാരന്മാരുമായുള്ള അഭിമുഖം<br>* മാഗസിൻ പ്രകാശനം. |

| | |
|---|---|
| ഡിസംബർ. | • കേരളത്തിലെ പ്രമുഖ കലാരൂപങ്ങളെ പരിചയപ്പെടുത്തി കൊണ്ട് പതിപ്പ് നിർമ്മാണം.<br>+ നാടകവതരണം.<br>* ഡിജിറ്റൽ മാഗസിൻ. |
| ജനുവരി. | + സിനിമ പ്രദർശനം (സ്വർഗത്തിലെ കുട്ടികൾ |
| ഫെബ്രുവരി | * കുമ്മാട്ടി അവതരണം<br>* സംവാദം സംഘടിപ്പിക്കൽ.<br>* ഉസ്പിന്റ പ്രദർശനം |
| മാർച്ച്. | * മലയാളം പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പരീക്ഷ. സഹായം. |

## U.P ഗണിതം

ലക്ഷ്യങ്ങൾ

* അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു.
* രസകരമായ ഗണിത ശാസ്ത്ര പഠനവും അനുചലന ശേഷികളുടെ വികാസവും
* ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ
* ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർധിപ്പിക്കൽ
* ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു.
* ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു.
* ഗണിതം മധുരമാക്കൽ
* വിവിധ ശേഷികളുടെ വികാസം.

| കാലം | പ്രവർത്തനങ്ങൾ. |
|---|---|
| ആഴ്ചയിൽ ഒരു പീരിഡ് | ഗണിത ക്ലിനിക്<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപികയും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. |
| ജൂൺ | കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. |
| ജൂലൈ | സംഖ്യാ ചാർട്ടുകളുടെയും, ജ്യാമെട്രിക്കൽ ചാർട്ടുകളുടെയും പ്രദർശനം. |
| ആഗസ്റ്റ് | ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ. പ്രദർശനം സംഘടിപ്പിക്കൽ. |

| | |
|---|---|
| സെപ്റ്റംബർ | ഗണിത പഠനോപകരണങ്ങൾ തയ്യാറാക്കുന്നു. |
| ഒക്ടോബർ | Research Type Project. അവതരണം. വിഷയം: അംശബന്ധം. *ക്ലോക്ക് നിർമ്മാണം. |
| നവംബർ | പസിൽസ് & ഗെയിംസ്- കുട്ടികൾ സംഘടിപ്പിക്കുന്നു. |
| ഡിസംബർ. | ഗണിത പഠനോപകരണങ്ങൾ തയ്യാറാക്കുന്നു. |
| ജനുവരി | ത്രികോണ ചിത്രങ്ങളുടെ പ്രദർശനം. |
| ഫെബ്രുവരി | Project :- വീടിന്റെ ചുറ്റളവും, പരപ്പളവും കണ്ടെത്തുന്നു. |
| മാർച്ച്. | വിവിധ ബാർഗ്രാഫുകളുടെയും, വൃത്ത ചിത്രങ്ങളുടെയും ശേഖരണവും, അവതരണവും. |

## അടിസ്ഥാന ശാസ്ത്രം

ലക്ഷ്യങ്ങൾ

* ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയാൻ.
* ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക. ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക.
* ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിൽ പ്രയോജനപ്പെടുത്തുക.
* പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണാഭിരുചി വർദ്ധിപ്പിക്കുക.

| മാസം | പ്രവർത്തനങ്ങൾ |
|---|---|
| ജൂൺ | വൃക്ഷതൈ നടൽ,<br>കണ്ടറിയാനൊരു യാത്ര.<br>വംശനാശ ഭീഷണി നേരിടുന്ന ജീവികൾ സസ്യങ്ങൾ ഇവയുടെ പേരുകൾ കണ്ടെത്തി പട്ടികപ്പെടുത്തൽ,<br>വ്യക്തി ശുചിത്വം പരിസര |

## ശുചിത്വം ബോധവത്കരണ ക്ലാസ്

| | |
|---|---|
| ജൂലൈ | കർഷകനുമായി അഭിമുഖം<br>പച്ചക്കറിത്തോട്ട സന്ദർശനം<br>കാർഷിക നഴ്സറി സന്ദർശനം,<br>കണ്ടൽക്കാട് നിരീക്ഷണം,<br>പ്രോജക്ട്: ആഹാരശീലവും<br>ആരോഗ്യവും. |
| ആഗസ്റ്റ് | നിത്യ ജീവിതത്തിൽ പരിചയമായ<br>വസ്തുക്കൾ ഉപയോഗപ്പെടുത്തി<br>രസകരമായ ലഘു പരീക്ഷണങ്ങൾ<br>~~[illegible]~~ അവതരിപ്പിക്കുന്നു.<br>പരീക്ഷണക്കിറ്റുകൾ നിർമ്മിക്കുന്നു.<br>ശാസ്ത്രമൂല തയ്യാറാക്കുന്നു. |
| സെപ്റ്റംബർ | ശാസ്ത്ര വിസ്മയ ചുവര്<br>ശാസ്ത്ര പാഠഭാഗവുമായി<br>ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ<br>ചുവര് |
| ഒക്ടോബർ | കുട്ടികളിൽ ശാസ്ത്ര അവബോധം<br>വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ<br>ശാസ്ത്ര മാസികകൾ ഉണ്ടാക്കി<br>ശാസ്ത്ര ലൈബ്രറി. |

| | |
|---|---|
| നവംബർ | ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നതിനായി വീഡിയോ പ്രദർശനം. |
| ഡിസംബർ | ശാസ്ത്ര മേഖലയിലെ പ്രമുഖരുമായി സംവദിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കുന്നു. |
| ജനുവരി | പച്ചക്കറിത്തോട്ടം, ഔഷധത്തോട്ട നിർമ്മാണം. |
| ഫെബ്രുവരി | ശാസ്ത്ര-അഭിരുചി വളർത്താൻ ഉതകുന്ന ഉപകരണങ്ങളുടെ നിർമ്മാണം അവയുടെ പ്രദർശനം. |
| മാർച്ച് | പരീക്ഷണ കിറ്റുകളുടെ പ്രദർശനം, പരീക്ഷണ കിറ്റുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ശേഖരം തയ്യാറാക്കുന്നു. |

നൽകുവാൻ കുട്ടിയെ
പ്രോത്സാഹിപ്പിക്കുന്നു.

August

Treasure Hunt വ്യത്യസ്തമായ
വസ്തുക്കൾ ഉപയോഗിച്ച്
വിഭിന്ന സൂചനകളാകുന്നു.
ഓരോ സൂചനകൾക്കും നമ്പർ
നൽകി തുടർച്ചയിലൂടെ
ലഭിക്കുന്ന വസ്തുവിനെ കുറിച്ച്
വർണ്ണിക്കുന്നു. വസ്തു
ഏതാണെന്ന് മറ്റ് കുട്ടികൾ
തിരിച്ചറിയുന്നു.

September

Run baby Run കുട്ടികളുടെ
വിവിധ ശേഷികളാകുന്നു.
ചാർട്ടിലെഴുതി പ്രദർശിപ്പിക്കുന്ന
വാക്കുകൾ ഒരു പ്രാവശ്യം
ഉറക്കെ ഒന്ന് വായിച്ചതിനു
ശേഷം ബുക്കിലേക്ക് എഴുതാൻ
ആവശ്യപ്പെടുന്നു. ഏറ്റവും
കൂടുതൽ വാക്കുകൾ എഴുതിയ
ആൾ വിജയി ആയി പ്രഖ്യാപിക്കുന്നു.

October

One man show അഭിനയം
നൽകി ഇംഗ്ലീഷിൽ ഏകാ
ഭിനയത്തിന് പ്രോത്സാ
ഹനം നൽകുന്നു.

Fun corner വ്യത്യസ്തമായ

November — English കഥകൾ, കവിതകൾ ഇവയിൽ കേൾക്കാൻ അവസരം നൽകുന്നു. കുട്ടികൾ തയ്യാറാക്കിയ മാഗസിനുകൾ, വാർത്താ ബോർഡുകൾ, ഇവയുടെ പ്രദർശനം.

December — വായനാ മത്സരം.

January — Eng fest Eng പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു.

V-ക്ലാസ് കഥാവായന കഥയെഴുത്ത്.

VI-ക്ലാസ് Role play, drama.

VII-ക്ലാസ് Choreography drama. Skit

# സാമൂഹ്യശാസ്ത്രം (UP തലം)

## ലക്ഷ്യങ്ങൾ

- സാമൂഹ്യശാസ്ത്ര വിഷയം കൂടുതൽ ശാസ്ത്രീയമാക്കുക.
- സാമൂഹ്യചിന്ത, സാമൂഹ്യബോധം, സാമൂഹ്യശാസ്ത്ര വിശകലന ശേഷി എന്നിവ എല്ലാ കുട്ടികളിലും ആർജ്ജിക്കുക.
- സാമൂഹ്യശാസ്ത്രപഠനത്തിൽ ICT സാധ്യത പ്രയോജനപ്പെടുത്തുക.
- ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് സാമൂഹ്യശാസ്ത്രപഠനം പ്രയോജനപ്പെടുത്തുക.
- മതേതര ജനാധിപത്യ ബോധം വികസിപ്പിക്കാൻ
- അർത്ഥപൂർണ്ണമായ ഭൂപടവായന ക്രമീകരിക്കുന്നു
- പൊതുവിജ്ഞാനത്തിന് ഊന്നൽ നൽകുന്നു
- പ്രാചീന-മധ്യ-ആധുനിക ഇന്ത്യയുടെ പ്രധാന സംഭവങ്ങളെ തിരിച്ചറിയുന്നു.
- പ്രാദേശിക ചരിത്രബോധം വളർത്തുക
- പഠനയാത്രകൾ സംഘടിപ്പിച്ച് ചരിത്രപഠനം കാര്യക്ഷമമാക്കുന്നു
- ക്ലബ് പ്രവർത്തനങ്ങളിലൂടെ സാമൂഹിക അവബോധം വളർത്തുന്നു.

## പ്രവർത്തനപദ്ധതികൾ

| മാസം | പ്രവർത്തനങ്ങൾ. |
|---|---|
| ജൂൺ. | ▲ മുഗൾ രാജാക്കന്മാരുടെ ചിത്രങ്ങളും വിവരങ്ങളും അടങ്ങിയ ആൽബം പ്രദർശനം.<br>▲ പരിസരത്ത് നിന്ന് ലഭിക്കുന്ന ഭക്ഷ്യവസ്തുക്കൾ ഉപയോഗിച്ച്. ഭക്ഷണം പാകംചെയ്യൽ. പ്രദർശനം.<br>▲ എന്റെ നാട്ടിലെ ഉല്ലാസങ്ങൾ എന്ന വിഷയത്തിൽ സെമിനാർ<br>▲ വിജയനഗര ഭരണകാലത്തെ സാംസ്കാരിക സംഭാവനകൾ. ഉൾപ്പെടുത്തി. ചാർട്ട് പ്രദർശനം.<br>▲ ബസവണ്ണയുടെ ആശയങ്ങളും സന്ദേശങ്ങളും സ്കിറ്റ്.<br>▲ ഭക്തി. സൂഫി പ്രചാരകരുടെ. പതിപ്പ്<br>▲ ഭക്ഷ്യദിനാവലി.<br>▲ ചെറുധാന്യങ്ങളുടെ ചാർട്ട്.<br>▲ ആരോഗ്യപ്രവർത്തകരുമായി അഭിമുഖം. |
| ജൂലൈ. | ▲ ഭക്ഷണ രീതിയിൽ ഉണ്ടായ മാറ്റങ്ങൾ കൈയെഴുത്ത് പതിപ്പ് പ്രദർശനം. |

| | |
|---|---|
| | ▲ നിയമങ്ങളുമായി ബന്ധപ്പെട്ട വാർത്താശകലങ്ങളും ചിത്രങ്ങളുടെയും പ്രദർശനം.<br>▲ ഭരണഘടനയുടെ സവിശേഷതകൾ എന്ന വിഷയത്തിൽ സെമിനാർ.<br>▲ |
| ആഗസ്റ്റ്. | ▲ ഗോത്രജനതയുടെ തനത് സംഭാവനകൾ ഡിജിറ്റൽ ആൽബം.<br>▲ ചർച്ച ഭിന്നശേഷിക്കാർ നേരിടുന്ന പ്രതിസന്ധികൾ<br>▲ ലഘു പ്രോജക്ട്.<br>▲ വസ്ത്രവൈവിധ്യത്തിന്റെ ചിത്ര ശേഖരണം (ആൽബം).<br>▲ ക്രാഫ്റ്റ് വർക്ക്.<br>▲ വിവിധതരം തുണികളുടെ ചാർട്ട് പ്രദർശനം. |
| സെപ്തംബർ | ▲ സ്കൂളിന്റെ സ്കെച്ച് പ്രദർശനം<br>▲ കേരളം ഭൂപടവായന പ്രശ്നോത്തരി മത്സരം.<br>▲ ഭൂമിയുടെ ഘടന നിർമ്മാണം പ്രദർശനം.<br>▲ ഓസോൺ ദിനം ആചരണം. |
| ഒക്ടോബർ. | • ലേഖനം തയ്യാറാക്കൽ.<br>• സാംസ്കാരിക വൈവിധ്യങ്ങൾ ചുമർ പത്രിക. |

| | |
|---|---|
| | ▲ സെമിനാർ<br>▲ ഇലക്ട്രോണിക് വോട്ടിങ് മെഷീൻ നിർമ്മാണം പ്രദർശനം |
| നവംബർ. | ▲ സെമിനാർ പേപ്പർ<br>▲ ഡിജിറ്റൽ ഡോക്യുമെന്റേഷൻ.<br>▲ വിവിധതരം വാഹനങ്ങളുടെ നിർമ്മാണം പ്രദർശനം<br>▲<br>▲ പഴയതും പുതിയതുമായ വാഹനങ്ങളുടെ ചിത്രങ്ങൾ അടങ്ങിയ ആൽബം. |
| ഡിസംബർ. | ▲ ഡിജിറ്റൽ ആൽബം<br>▲ ജലസംരക്ഷണറാലി.<br>▲ ചുമർപത്രിക<br>▲ സെമിനാർ. |
| ജനുവരി. | ▲ പതിപ്പ്<br>▲ കുടുംബ ബജറ്റ് അവതരണം<br>▲ സെമിനാർ<br>▲ പ്ലക്കാർഡുകൾ പോസ്റ്ററുകൾ നിർമ്മാണം. |
| ഫെബ്രുവരി. | ▲ ആൽബം പ്രകാശനം.<br>▲ ഡിജിറ്റൽ പ്രസന്റേഷൻ.<br>▲ പതിപ്പ് സ്വന്തമായി പ്രകാശനം.<br>▲ നാടക അവതരണം<br>▲ |
| മാർച്ച്. | ▲ സംവാദം സംഘടിപ്പിക്കൽ<br>▲ ആൽബം പ്രദർശനം.<br>▲ വിദ്യാലയത്തിന്റെ ചരിത്രം പ്രകാശനം.<br>▲ റോഡ് സുരക്ഷാ വാരം ആചരണം |

# हिंदी

## भूमिका

केरल राज्य शिक्षा के क्षेत्र में काफी आगे हैं। इस कार्य में अध्यापकों की भागीदारी बहुत बड़ी है! हिंदी भारत की राष्ट्र भाषा है। हिंदी भाषा भारत की आत्मा है। केरल के विद्यालयों में भी हिंदी भाषा को उतना ही महत्व देकर पढ़ाते हैं! उसकी श्रेष्ठता बनाए रखने का काम हम अध्यापकों पर निर्भर है! हर विद्यालय का अपना - अपना स्तर होता है! हमारे विद्यालय में जो साधन उपलब्ध हैं उसकी सहायता से हम बच्चों को पूरी शिक्षा का माहौल प्रदान करने की कोशिश में हैं।

## लक्ष्य

1. सभी छात्रों को हिंदी बोलने और लिखने की क्षमता प्राप्त करना
2. हिंदी रसीली और आकर्षक बनाने की प्रक्रियायें लागु करना
3. हिंदी पढ़ने में रूचि पैदा करना।
4. देश प्रेम पैदा करना!

| काल 2025-26. | गतिविधियाँ |
| --- | --- |
| जून | ★ छात्रों को स्कूल वातावरण की ओर लाना है।<br>★ वाचन कार्य के लिए तैयार कराना है। |
| जुलै | ★ अपनी पसंद के अनुसार पढाई प्रक्रिया मे भाग लेने का अवसर देना |
| आगस्ट | ★ ज्ञानार्जन किताब का वाचन कार्य<br>★ विशेष दिनों का आचरण करना |
| सितंबर | ★ पिछड़े छात्रों को आगे लाने की प्रक्रिया देना |
| अक्तूबर | ★ पाँचवे कक्षा के बच्चो को अपना स्वयं लिखने के लिए तैयार कराना |
| नवंबर | ★ हिन्दी भाषा की विकास के लिए लेखन, वाचन आदि को अवसर देना |
| डिसंबर | ★ विभिन्न विषयों पर कक्षा में चर्चा करना |
| जानवरी | ★ मागाओं के बारे मे जानकारी प्रदान करना |
| फरवरी | ★ हिन्दी भाषा की पोषण करने के लिए कार्यक्रम करवाना |
| मार्च | ★ हर तरह का चित्र जो हिन्दी मे |